## പരിശുദ്ധ മറിയത്തിന്റെ സ്വർഗാരോപണം

**ഓഗസ്റ്റ് 15**

**യോഹ 2:1–12**

## കാനായിലെ വിവാഹവിരുന്ന്

1 മൂന്നാം ദിവസം ഗലീലിയിലെ കാനായിൽ ഒരു വിവാഹവിരുന്നു നടന്നു. യേശുവിന്റെ അമ്മ അവിടെയുണ്ടായിരുന്നു.

2 യേശുവും ശിഷ്യന്മാരും വിരുന്നിനു ക്ഷണിക്കപ്പെട്ടിരുന്നു.

3 അവിടെ വീഞ്ഞു തീർന്നുപോയപ്പോൾ യേശുവിന്റെ അമ്മ അവനോടു പറഞ്ഞു: അവർക്കു വീഞ്ഞില്ല.

4 യേശു അവളോടു പറഞ്ഞു: സ്ത്രീയേ, എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും ആയിട്ടില്ല.

5 അവന്റെ അമ്മ പരിചാരകരോടു പറഞ്ഞു: അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ.

6 യഹൂദരുടെ ശുദ്ധീകരണകർമത്തിനുള്ള വെള്ളം നിറയ്ക്കുന്ന ആറു കൽഭരണികൾ അവിടെ ഉണ്ടായിരുന്നു. ഓരോന്നിലും രണ്ടോ മൂന്നോ അളവു കൊള്ളുമായിരുന്നു.

7 ഭരണികളിൽ വെള്ളം നിറയ്ക്കുവിൻ എന്ന് യേശു അവരോടു കൽപിച്ചു. അവർ അവയെല്ലാം വക്കോളം നിറച്ചു.

8 ഇനി പകർന്നു

9 കലവറക്കാരന്റെ അടുത്തു കൊണ്ടുചെല്ലുവിൻ എന്ന് അവൻ പറഞ്ഞു. അവർ അപ്രകാരം ചെയ്തു. കലവറക്കാരൻ വീഞ്ഞായി മാറിയ ആ വെള്ളം രുചിച്ചു നോക്കി. അത് എവിടെ നിന്നാണെന്ന് അവൻ അറിഞ്ഞില്ല. എന്നാൽ, വെള്ളം കോരിയ പരിചാരകർ അറിഞ്ഞിരുന്നു.

10 അവൻ മണവാളനെ വിളിച്ചു പറഞ്ഞു: എല്ലാവരും മേൽത്തരം വീഞ്ഞ് ആദ്യം വിളമ്പുന്നു. അതിഥികൾക്കു ലഹരി പിടിച്ചു കഴിയുമ്പോൾ താഴ്ന്ന തരവും. എന്നാൽ, നീ നല്ല വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചുവച്ചുവല്ലോ.

11 യേശു തന്റെ മഹത്വം വെളിപ്പെടുത്തുന്നതിനു പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമാണ്, ഗലീലിയിലെ കാനായിൽ ചെയ്ത ഈ അദ്ഭുതം. അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു.

12 ഇതിനുശേഷം, അവൻ തന്റെ അമ്മയോടും സഹോദരന്മാരോടും ശിഷ്യന്മാരോടുംകൂടി കഫർണാമിലേക്കു പോയി. അവൻ അവിടെ ഏതാനും ദിവസം താമസിച്ചു.

പരിശുദ്ധ മറിയത്തിന്റെ സ്വർഗാരോപണത്തെക്കുറിച്ച് വിശുദ്ധ എഫ്രേം കീർത്തിക്കുന്നത് ഇപ്രകാരമാണ്. മറിയം സ്വർഗത്തെക്കാൾ ശ്രേഷ്ഠയാണ്. സ്വർഗമെന്നത് ദൈവപുത്രന്റെ സിംഹാസനം മാത്രമാണല്ലോ. എന്നാൽ അവിടുന്ന് വളർന്ന ഉദരവും സ്തന്യം പാനം ചെയ്ത മാതൃത്വവും സിംഹാസനത്തെക്കാൾ എത്രയോ ശ്രേഷ്ഠമാണ്. പരിശുദ്ധ ത്രിത്വം വസിക്കുന്ന സ്വർഗത്തിന്റെ സ്വപ്നമായിരുന്നു പരിശുദ്ധ മറിയം. മനുഷ്യകുലത്തെക്കുറിച്ച് ദൈവം അനാദിയിലേ കണ്ട സ്വപ്നം അക്ഷരാർത്ഥത്തിൽ മറിയം സാക്ഷാത്കരിച്ച ദിനമാണ് സ്വർഗാരോപണത്തിരുനാൾ.

നല്ല നിലയിൽ എത്തുന്ന ചില മക്കളെങ്കിലും അമ്മമാരെ വൃദ്ധസദനത്തിലേക്കു നടതള്ളുന്നവരുണ്ട്. സ്വന്തം അമ്മമാരെ ബാധ്യതയായി കരുതുന്ന ആധുനിക മക്കൾക്കും മരുമക്കൾക്കുമുള്ള സ്വർഗത്തിന്റെ തിരുത്തലാണ് പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണം. പുത്രന്റെ/പുത്രിയുടെ യഥാർത്ഥ മഹത്വമെന്നത് സ്വന്തം അമ്മയെ മഹത്വപ്പെടുത്താനുള്ള

മനസ്സാണെന്ന് മിശിഹാ തന്റെ മാതൃകയിലൂടെ ലോകത്തിന് വെളിപ്പെടുത്തുകയാണ്. ഈ ഭൂമിയിൽ ഏറെ ത്യാഗപൂർവം തന്നെ സ്വീകരിച്ച് തന്റെ അമ്മയെ സ്വർഗത്തിന്റെ മഹത്വത്തിലേക്ക് സ്വീകരിക്കുന്ന ഈശോ അമ്മമാരെ ആദരിക്കേണ്ടതിന്റെ ആവശ്യകതയാണ് വെളിപ്പെടുത്തുന്നത്. സ്വർഗാരോപണത്തിന്റെ സങ്കീർണമായ ദൈവശാസ്ത്ര സമസ്യകളെക്കാൾ സ്വർഗാരോപണം തമ്മിലുണർത്തേണ്ട പ്രഥമ ചിന്ത സ്വർഗത്തോളം ഉയരേണ്ട നമ്മുടെ കുടുംബബന്ധങ്ങളെക്കുറിച്ചാണ്.

**മറിയത്തിന്റെ സ്വർഗീയ പ്രതീകങ്ങൾ**

ദൈവസാന്നിധ്യത്താൽ അനുഗ്രഹീതവും കൃപാവരത്തിന്റെ നാലു നദികളാൽ സമ്പന്നവുമായിരുന്ന ആദിമ പറുദീസ മറിയത്തിന്റെ പ്രതീകമാണെന്ന് ഒൻപതാം പീയൂസ് പാപ്പാ പഠിപ്പിക്കുന്നുണ്ട്. സർപ്പത്തിന് സ്പർശിക്കാനാവാത്ത അമർത്യതയുടെ കനിയുള്ള ജീവന്റെ വൃക്ഷണാണവൾ. ആദാമിൽ നിന്നും പിറന്ന ഹവ്വായ്ക്കു പകരം രണ്ടാം ആദത്തിന് ജന്മം നല്കിയവൾ ദൈവത്തിന്റെ നിർമ്മലമായ പറുദീസയായിരുന്നു. പറുദീസായുടെ പ്രതീകമായവൾ സ്വർഗത്തിലെത്തിയത് സ്വാഭാവികമാണ്.

ദൈവ-മനുഷ്യ സമാഗമത്തിന്റെ കൂടാരവും കൂടാരത്തിലെ വാഗ്ദാനപേടകവുമായി മറിയത്തെ സഭാപിതാക്കന്മാർ വാഴ്ത്തുന്നുണ്ട്. ഇസ്രായേൽ ജനത്തോടു സംസാരിക്കേണ്ടി വന്നപ്പോഴൊക്കെയും ദൈവം സമാഗമ കൂടാരത്തിലാണ് സംസാരിച്ചത്. ഇന്ന് ദൈവം തന്റെ ജനത്തോടു സംസാരിക്കാൻ പരിശുദ്ധ അമ്മയെയും അമ്മയുടെ പ്രത്യക്ഷീകരണങ്ങളെയും പ്രയോജനപ്പെടുത്തുന്നു. സമാഗമ കൂടാരം എന്നത് പിൽക്കാലത്ത് പണിയാനിരുന്ന ദൈവാലയത്തിന്റെ പ്രതീകമാണെന്ന് തിരുവചനം സൂചന നല്കുന്നുണ്ട്. ഹേറോദ് ദേവാലയം പണി ആരംഭിച്ച് ബി.സി. 20-ലാണ് പരിശുദ്ധ അമ്മ ജനിച്ചത് എന്ന സത്യം ചേർത്തു വായിക്കുമ്പോൾ ജറുസലേം ദൈവാലയം പരിശുദ്ധ മറിയത്തിന്റെ പ്രതീകമായിരുന്നു. സ്വർഗീയമാകുന്ന ദേവാലയത്തിൽ ദൃശ്യമാകുന്ന വാഗ്ദാന പേടകം മറിയമാണെന്ന് സഭാപിതാക്കന്മാർ നിരീക്ഷിക്കുന്നുണ്ട്.

യാക്കോബ് ബഥേലിൽ കണ്ട സ്വപ്നത്തിൽ സൂചിപ്പിക്കുന്നതും സ്വർഗത്തെയും ഭൂമിയെയും തമ്മിൽ ബന്ധിക്കുന്നതുമായ ഗോവണി പരിശുദ്ധ മറിയത്തിന്റെ മറ്റൊരു പ്രതീകമാണ്. സ്വർഗത്തിൽ നിന്ന് ദൈവപുത്രൻ ഭൂമിയിലേക്ക് ഇറങ്ങിവന്നതും മനുഷ്യമക്കൾക്ക് സ്വർഗത്തിലേക്ക് കയറിപ്പോകാനുള്ളതുമായ ഗോവണി മറിയമാണ്. സ്വർഗസ്ഥനായ ദൈവം ഇറങ്ങിവന്ന് ജ്വലിച്ചിട്ടും കത്താതെ നിന്ന മുൾപ്പടർപ്പും (പുറ 3:1-10) പാപികൾക്കു രക്ഷാസങ്കേതമായ അഭയനഗരവും (സംഖ്യ 35:9-15) പാപാന്ധകാരത്തിലും വഴികാട്ടുന്ന നിലാവുമാണ് പരിശുദ്ധ മറിയം. ദൈവശിക്ഷയുടെ കൊടുംചൂടിൽ നിന്ന് ഇസ്രായേലിനു സംരക്ഷണമൊരുക്കിയ മേഘസ്തംഭവും ശത്രുക്കളെ എരിച്ചുകളയുന്ന അഗ്നിസ്തംഭവും മറിയമായിരുന്നു. ഈശോയാകുന്ന നിധി മറഞ്ഞിരിക്കുന്ന വയലായി മറിയത്തെ വിശേഷിപ്പിച്ചത് വിശുദ്ധ ബെനവെന്തുരായാണ്. പാപിയായ സക്കേവൂസ് ഈശോയെ കാണാൻ കയറിയ സിക്കമൂർ മരമായി മറിയത്തെ വിശുദ്ധ അഗസ്റ്റിൻ വർണിക്കുന്നു.

ചുരുക്കത്തിൽ സ്വർഗത്തിന്റെയും ദൈവസാന്നിധ്യത്തിന്റെയും അടയാളമായി വിശുദ്ധ ഗ്രന്ഥം പരാമർശിക്കുന്നവയൊക്കെയും മറിയത്തിൽ നിറവേറിയതായി മനസ്സിലാക്കാം. അതിനാൽത്തന്നെ മറിയത്തിന്റെ സ്വർഗാരോപണം എന്നത് വിശുദ്ധ ഗ്രന്ഥം ആരംഭത്തിലേ വിഭാവനം ചെയ്തതാണെന്ന് ഗ്രഹിക്കാം.

**മറിയത്തിന്റെ സ്വർഗീയവഴികൾ**

സ്വർഗോരോപിതയായ പരിശുദ്ധ മറിയം സ്വർഗത്തിൽ പോകുവാനുള്ള വഴികൾ തിരുവചനത്തിൽ പറഞ്ഞുതരുന്നുണ്ട്. ഒന്നാമതായി ഈശോ പറയുന്നത് അക്ഷരാർത്ഥത്തിൽ അനുസരിക്കാനാണ് മറിയം ആവശ്യപ്പെടുന്നത്. കാനായിലെ കല്യാണവീട്ടിൽ പച്ചവെള്ളം വിളമ്പാൻ ആവശ്യപ്പെട്ടപ്പോഴും മറിയം ശങ്കയേതുമില്ലാതെ അനുസരിക്കാനാണ് പരിചാരകരോട് പറഞ്ഞത്. ഈശോയുടെ വചനങ്ങൾ അനുസരിക്കുന്നതാണ് എപ്പോഴും ശരി, ഏറ്റവും വലിയ ശരി എന്ന മരിയൻ തിരിച്ചറിവ് സ്വർഗയാത്രയുടെ ആദ്യപടിയാണ്. രണ്ടാമതായി, സ്വർഗയാത്ര

സഹനരഹിതമായ യാത്രയല്ല സഹനങ്ങളുടെ നടുക്കടലിൽ വ്യാകുലവാളാൽ പിളരുമ്പോഴും വിശ്വാസത്തിൽ അണുപോലും പതറാതിരിക്കുന്ന ആർജ്ജവത്വം സ്വർഗയാത്രയുടെ രണ്ടാംപടിയാണ്. നന്നേ ചെറുപ്പത്തിലേ വൈധവ്യ ദുഃഖത്തിന്റെ കനലിലെരിഞ്ഞവളായിരുന്നു മറിയം. ഏകപുത്രൻ കുരിശിൽ പിടഞ്ഞു മരിച്ചതിനു സാക്ഷ്യം വഹിച്ച ഹതഭാഗ്യയാണ് മറിയം. ദൈവം വെട്ടിയൊരുക്കിയ രാജവീഥിയിലൂടെ നടന്നല്ല നാം സ്വർഗത്തിലെത്തുന്നത്. സഹനങ്ങളെ സ്വർഗത്തിന്റെ പാതയുടെ അടിസ്ഥാനങ്ങളാക്കി മാറ്റാനാണ് മറിയം നമ്മെ ക്ഷണിക്കുന്നുണ്ട്. അകാലവൈധവ്യവും പുത്രവിയോഗവും ഒറ്റപ്പെടലും കുറ്റപ്പെടുത്തലുകളും ദൈവം കൈവിട്ടതിന്റെയോ പാപത്തിന്റെ ശിക്ഷയായോ പൂർവിക ശാപത്തിന്റെ പരിണിതഫലമായോ വ്യാഖ്യാനിക്കുന്നത് അവിവേകമാണെന്ന് പരിശുദ്ധ മറിയം നമ്മെ പഠിപ്പിക്കുന്നുണ്ട്. ചിലപ്പോഴെങ്കിലും ഹൃദയം പിളർക്കുന്ന വാളുകളിൽ ദൈവപിതാവിന്റെ കൈയൊപ്പ് ഉണ്ടാകാം.

മൂന്നാമതായി, മറിയം പ്രത്യാശയുടെ മാതാവാണ്. രക്ഷകനു വേണ്ടി കാത്തിരുന്ന ജനതയുടെ ഭാഗമായിരുന്നവൾ. മംഗളവാർത്ത ലഭിച്ചതു മുതൽ രക്ഷകന്റെ തിരുമുഖം കാണാൻ വേണ്ടി അവൾ കാത്തിരുന്നു. രക്ഷകനു പിറക്കാൻ കാലിത്തൊഴുത്തുവരെ എത്തിയപ്പോഴും അവളുടെ പ്രത്യായ്ക്കു തെല്ലും ഭംഗം വന്നില്ല. ദാവീദിന്റെ സിംഹാസനത്തിൽ നിത്യഭരണം നടത്തുമെന്ന് പറയപ്പെട്ടവൻ മൂന്നാണികളിൽ തൂങ്ങിമരിച്ച് മൃതരൂപത്തിൽ മടിയിൽ വച്ചപ്പോഴും അവളുടെ പ്രത്യാശയ്ക്കു കോട്ടം തട്ടിയില്ല. സുഗന്ധക്കൂട്ടിൽ പൊതിഞ്ഞ് കല്ലറയിൽ അടച്ചിട്ട് അരിമത്തിയാക്കാരൻ ജോസഫ് തിരിച്ചുപോയിട്ടും മറിയത്തിന്റെ പ്രത്യാശയ്ക്ക് അണുപോലും അന്തരമുണ്ടായിരുന്നില്ല. പ്രതീക്ഷയ്ക്കു വിപരീതമായവ തുടർച്ചയായി സംഭവിക്കുമ്പോഴും അവൾ പ്രത്യാശയുടെ നിറദീപമായി നിലകൊണ്ടു. ആദ്യ ദുഃഖശനിയിലും പ്രത്യാശ ഒടുങ്ങാത്ത ഒരേയൊരു വിശ്വാസി മറിയമായിരുന്നു. തന്നോട് വാഗ്ദാനം ചെയ്തവന്റെ വിശ്വസ്തതയിലാണ് മറിയം പ്രത്യാശ വച്ചത്. ഈ പ്രത്യാശയ്ക്ക് ഒരുവനെ സ്വർഗത്തിലെത്തിക്കാൻ കഴിവുണ്ട്.

- ഓരോ മനുഷ്യനുവേണ്ടിയും മരണശേഷം ദൈവം കരുതിവച്ചിരിക്കുന്ന അനുഗ്രഹമാണ് സ്വർഗാരോപണം. സ്വർഗമുണ്ടെന്നും സ്വർഗത്തിൽ എത്താത്ത ജീവിതം പാഴായ ജീവിതമാണെന്നുമുള്ള ദൈവത്തിന്റെ ഓർമ്മപ്പെടുത്തലാണ് മറിയത്തിന്റെ സ്വർഗാരോപണം.
- ശരീരത്തോടെ സ്വർഗത്തിൽ പോകേണ്ടവരാണ് നാം എന്ന ചിന്തയിൽ നമ്മുടെ ശരീരങ്ങളെ വിശുദ്ധമായി സൂക്ഷിക്കാൻ തീരുമാനമെടുക്കണം. ശരീരത്തെ മലിനമാക്കുന്ന മദ്യം, മയക്കുമരുന്ന്, വ്യഭിചാരം, ആഭിചാരം എന്നിവ വെടിഞ്ഞ് ജീവിക്കാൻ സ്വർഗാരോപിതയായ അമ്മ നമ്മെ ആഹ്വാനം ചെയ്യുന്നുണ്ട്.
- കാനായിലെ കല്യാണവീട്ടിലെ നിശബ്ദ ദുഃഖവും ഇളയമ്മയായ ഏലീശ്വായുടെ അരക്ഷിതാവസ്ഥയും തിരിച്ചറിയാനുമുള്ള മറിയത്തിന്റെ കഴിവ് സ്വർഗത്തിന്റെ പ്രതിഫലനമാണ്. അപരന്റെ സങ്കടങ്ങളോടു സംവദിക്കാൻ കഴിവുള്ളവരാണ് സ്വർഗത്തിന് അർഹരാവുന്നത്.